**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5693** **16-03-2023 - ൽ മറുപടിയ്ക്ക്**

**209/2023 നമ്പർ കേസിന്റെ അന്വേഷണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2023 ജനുവരി 31-ന് ദേവസ്വം ബോർഡ് ജംഗ്ഷനിൽ ആരാധന എന്ന പേരുള്ള വീട്ടിൽ താമസിക്കുന്ന ശ്രീകുമാർ എന്ന വ്യക്തിയുടെ വീടിന്റെ ഗേറ്റും കാർപോർച്ചിൽ പാർക്ക് ചെയ്തിരുന്ന കാറും കേട് വരുത്തുന്ന രീതിയിൽ ഉണ്ടായ അപകടം സംബന്ധിച്ച് മ്യൂസിയം പോലീസ് രജിസ്റ്റർ ചെയ്ത 209/2023 നമ്പർ കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ; | (എ) | മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നം 209/2023 U/s 279 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിലേയ്ക്ക് സംശയമുള്ളവരെയും സാക്ഷികളെയും ചോദ്യം ചെയ്തും സി.സി.ടി.വി ക്യാമറ ദൃശ്യങ്ങൾ പരിശോധിച്ചും ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു. |
| (ബി) | പ്രസ്തുത അപകടം ഉണ്ടാക്കിയ വെള്ളനിറത്തിലുള്ള ആൾട്ടോ കാറിന്റെ നമ്പർ ദേവസ്വം ബോർഡ് ജംഗ്ഷനിലും ക്ലിഫ്ഹൗസ് പരിസരങ്ങളിലും സ്ഥാപിച്ചിട്ടുള്ള ക്യാമറകളിൽ നിന്നും തിരിച്ചറിയാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വാഹനത്തിന്റെ ഉടമയെ കണ്ടെത്താൻ സാധിച്ചിട്ടുണ്ടോയെന്നും വാഹനം ഓടിച്ചിരുന്ന സ്ത്രീയെയും അപകട ശേഷം വാഹനം ഓടിച്ച് പോയ പുരുഷനെയും തിരിച്ചറിയാൻ സാധിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | ക്യാമറകൾ പ്രവർത്തന ക്ഷമമല്ലാത്തതിനാലാണോ വാഹനത്തിന്റെ നമ്പർ തിരിച്ചറിയാൻ സാധിക്കാത്തത്; എങ്കിൽ പ്രസ്തുത ക്യാമറകൾ മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | (എ) യിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ